(ജി) ചെക്ക് പോസ്റ്റിലൂടെ കടന്നുപോകുന്ന എല്ലാ വാഹനങ്ങളും പരിശോധനയ്ക്കു വിധേയമാക്കുവാൻ നിർദ്ദേശമുണ്ട്. സംശയകരമായി തോന്നുന്ന വാഹനങ്ങൾ വിശദമായി പരിശോധിക്കുകയും പരിശോധിക്കുന്ന എല്ലാ വാഹനങ്ങളുടേയും വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തുകയും ചെയ്യുവാനാണ് നിലവിലുള്ള നിർദ്ദേശം.

വ്യാജ മദ്യക്കടത്തുമായി ബന്ധപ്പെട്ട കേസ്സുകൾ

32 (1827) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വ്യാജമദ്യക്കടത്തുമായി ബന്ധപ്പെട്ട് എത്ര വാഹനങ്ങൾ പിടിച്ചെടുത്തിട്ടുണ്ട് ; ഇതുമായി ബന്ധപ്പെട്ട് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ;

(ബി) പ്രസ്തുത കേസ്സുകളിൽ ഉൾപ്പെട്ട വാഹനങ്ങൾ, പ്രതികൾ, കേസ്സുകൾ എന്നിവ സംബന്ധിച്ച് വിശദാംശം ലഭ്യമാക്കുമോ ;

(സി) ഈ കേസ്സുകളിൽ ഉൾപ്പെട്ട മദ്യ കോൺട്രാക്ടർമാർ, എക്സൈസ് ഉദ്യോഗസ്ഥർ, പോലീസ് ഉദ്യോഗസ്ഥർ എന്നിവരെ സംബന്ധിച്ച് ജില്ല തിരിച്ചുള്ള കണക്കുകൾ വിശദമാക്കുമോ ;

(ഡി) ഈ കേസ്സുകളുമായി ബന്ധപ്പെട്ട് എത്ര കോടി രൂപയുടെ വ്യാജ സ്പിരിറ്റ് പിടിച്ചെടുത്തിട്ടുണ്ടെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) 466 വാഹനങ്ങൾ പിടിച്ചെടുത്തിട്ടുണ്ട്. 462 - കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത കേസ്സുകളിൽ ഉൾപ്പെട്ട

വാഹനങ്ങൾ	466
പ്രതികൾ	429
കേസ്സുകൾ	462

(സി) തിരുവനന്തപുരം ജില്ലയിൽ മുൻ അബ്കാരി കരാറുകാരൻ മുരളിയുടെ പേരിൽ കേസ്സ് എടുത്തിട്ടുണ്ട്. മറ്റു ജില്ലകളിൽ കോൺട്രാക്ടർമാർ, എക്സൈസ് ഉദ്യോഗസ്ഥർ/പോലീസ് ഉദ്യോഗസ്ഥർ എന്നിവരുടെ പേരിൽ എക്സൈസ് വകുപ്പ് കേസ് എടുത്തിട്ടില്ല.

(ഡി) ഉദ്ദേശം 87,05,210 രൂപയുടെ സ്പിരിറ്റ് പിടിച്ചെടുത്തിട്ടുണ്ട്.

മദ്യഷാപ്പുകളുടെ പ്രവർത്തന സമയം

33 (1828) ശ്രീ. കെ. മോഹൻകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ മദ്യഷാപ്പുകളുടെ പ്രവർത്തന സമയം നിശ്ചയിച്ചിരിക്കുന്നത് ഏതടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly